Website 20/10/17

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:ഇ2/11303/2014 (2)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം
തീയതി: 18.10.2014

ട്രെയിനിംഗ് ഡയറക്ടർ,

പ്രിൻസിപ്പാൾ,
ഐ.ടി.ഐ.,മലമ്പുഴ/ആരക്കുഴ/കയ്യൂർ/ദേശമംഗലം/പേരാവൂർ/
തിരുവമ്പാടി/മടിക്കൈ/സീതാംഗോളി/മണിയൂർ/പള്ളിപ്പാട്/
വടകര/കഞ്ഞിക്കുഴി/വെസ്റ്റ്എളേരി/താഴേക്കോട്/പാറശ്ശാല/
വയലാർ/ റാന്നി/ചാത്തന്നൂർ/നെൻമേനി/ഏറിയാട്/മണലൂർ/
നെന്മാറ/ചെറിയമുണ്ടം/ബേപ്പൂർ/വേങ്ങൂർ/വളയം/ചങ്ങനാശ്ശേരി/
കണ്ണൂർ/അരീക്കോട്/കൊല്ലം/മരട്/മാള/ചെന്നീർക്കര/മാറഞ്ചേരി/
കുറുമാത്തൂർ/(വനിത)ചാലക്കുടി/കാസർഗോഡ്/ആര്യനാട്/
തേവലക്കര/കൊയിലാണ്ടി/കഴക്കൂട്ടം/കൊല്ലം (വനിത).

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -വിവിധ ട്രേഡുകളിലേയ്ക്ക് അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം ചെയ്യുന്നതു സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിൽ നിന്നുള്ള 03.09.2014-ലെ ഇതേ നമ്പർ കത്ത്.
2. ഈ ഓഫീസിൽ നിന്നുള്ള 25.08.2014-ലെ ഇതേ നമ്പർ കത്ത്.

*********

മേൽ സൂചനയിലെ കത്തുകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിൽ താങ്കളുടെ സ്ഥാപനത്തിലെ വിവിധ ട്രേഡുകളിൽ അഫിലിയേഷൻ നേടിയെടുക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ക്വട്ടേഷൻ മുഖാന്തിരം സംഭരിക്കുവാൻ ആവശ്യമായ ഭരണാനുമതി നല്കുകയും സൂചന (1) ലെ കത്തുപ്രകാരം ഇവ സംഭരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്തിരുന്നു. സൂചന (2) പ്രകാരം 15000/-രൂപയ്ക്ക് മുകളിലുള്ള ഉപകരണങ്ങൾ സംഭരിക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണച്ചതിനുശേഷം ബന്ധപ്പെട്ട camp കളിൽ (ചാക്ക, ഏറ്റുമാനൂർ) ഹാജരാക്കുവാൻ നിർദ്ദേശിക്കുകയും 15000/- രൂപയിൽ താഴെയുള്ള പർച്ചേസ് പ്രപ്പോസലുകൾ ഡയറക്ടറേറ്റിൽ അടിയന്തിരമായി അയച്ചുതരുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെങ്കിലും ചില ഐ.ടി.ഐ

പ്രിൻസിപ്പാൾമാർ ഇന്നുവരെ ആവശ്യമായ പ്രപ്പോസൽ ക്യാമ്പിൽ ഹാജരാക്കുകയോ ഡയറക്ടറേറ്റിൽ എത്തിക്കുകയോ ചെയ്തിട്ടില്ല.

പ്രിൻസിപ്പാൾമാരുടെ ടി നടപടികൾ യാതൊരു വിധത്തിലും അംഗീകരിക്കുവാൻ നിർവാഹമില്ലാത്തതാണ്. പർച്ചേസ് നടപടികൾ ത്വരിതഗതിയിൽ നിർവ്വഹിക്കുവാനും, വകുപ്പിന് അനുവദിച്ച ഫണ്ട് പരമാവധി ചെലവഴിക്കുവാനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുമ്പോൾ അവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പ്രവണത കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ നിർബന്ധിതമായി തീരും.

ഈ സാഹചര്യത്തിൽ താങ്കളുടെ സ്ഥാപനത്തിൽ അഫിലിയേഷൻ ലഭിക്കുന്നതിനായി സാധന സാമഗ്രികൾ സംഭരിക്കുവാൻ ഭരണാനുമതി നൽകിയതു പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിനുശേഷം purchase sanction --നായി ശുപാർശ അയച്ചിട്ടില്ലായെങ്കിൽ ആയവ ഇനിയും കാലവിളംബം കൂടാതെ മടക്ക തപാലിൽ അയച്ചുതരേണ്ടതാണ്.

ടെൻഡർ ക്ഷണിച്ചതിനു ശേഷം ഓഫറുകൾ ലഭിക്കാത്ത വിഷയത്തിൽ അടിയന്തിരമായി റീ ക്വട്ടേഷൻ ക്ഷണിക്കുകയും വിവരം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

അ.17.10..14